**മധുരമായ കുട്ടികളേ - നിങ്ങളെ വജ്രസമാനമാക്കി മാറ്റുന്നത് ബാബയാണ്, അതിനാൽ ഒരിയ്ക്കലും ബാബയിൽ സംശയം ഉണ്ടാവരുത്, സംശയബുദ്ധിയാവുക അർത്ഥം സ്വയം തന്റെതന്നെ നഷ്ടമുണ്ടാക്കുക എന്നതാണ്.**

**ചോദ്യം:-** മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നതിനുള്ള പഠിപ്പിൽ പാസാകുന്നതിന്റെ മുഖ്യമായ ആധാരം എന്താണ്?

**ഉത്തരം:-** നിശ്ചയം. നിശ്ചയബുദ്ധിയാവുന്നതിനുള്ള സാഹസം ഉണ്ടാവണം. മായ ഈ സാഹസത്തെ മുറിക്കുന്നു. സംശയബുദ്ധിയാക്കി മാറ്റുന്നു. മുന്നോട്ട് പോകവേ പഠിപ്പിലോ പഠിപ്പിക്കുന്ന സുപ്രീം ടീച്ചറിലോ സംശയം വന്നാൽ തനിക്കും മറ്റുള്ളവർക്കും വളരെയധികം നഷ്ടം ഉണ്ടാക്കിവെയ്ക്കും.

**ഗീതം:-** അങ്ങ് സ്നേഹ സാഗരനാണ്......

**ഓം ശാന്തി.** ആത്മീയ കുട്ടികളെ പ്രതി ശിവബാബ മനസ്സിലാക്കിത്തരികയാണ്, നിങ്ങൾ കുട്ടികൾ അങ്ങ് സ്നേഹ സാഗരനാണ് എന്ന് പറഞ്ഞ് അച്ഛന്റെ മഹിമ ചെയ്യുന്നു. അവരെ ജ്ഞാനത്തിന്റെ സാഗരൻ എന്നും പറയാറുണ്ട്. ജ്ഞാനത്തിന്റെ സാഗരൻ ഒന്നേയുള്ളു എങ്കിൽ ബാക്കി എല്ലാത്തിനേയും അജ്ഞാനം എന്നേ പറയൂ എന്തുകൊണ്ടെന്നാൽ ജ്ഞാനത്തിന്റേയും അജ്ഞാനത്തിന്റേയും കളിയാണ്. ജ്ഞാനം പരമപിതാ പരമാത്മാവിന്റെ പക്കലേയുള്ളു. ഈ ജ്ഞാനത്തിലൂടെ പുതിയ ലോകത്തിന്റെ സ്ഥാപനയുണ്ടാകുന്നു. ആരെങ്കിലും പുതിയ ലോകത്തെ ഉണ്ടാക്കുന്നു എന്നല്ല. ലോകം അവിനാശിയാണ്. കേവലം പഴയ ലോകത്തെ മാറ്റി പുതിയതാക്കുന്നു. പ്രളയം ഉണ്ടാകുന്നു എന്നല്ല. മുഴുവൻ ലോകവും ഒരിയ്ക്കലും വിനാശമാകില്ല. പഴയതാണ് അത് മാറി പുതിയത് ആവുന്നു. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇത് പഴയ വീടാണ്, ഇതിലാണ് നിങ്ങൾ ഇപ്പോൾ ഇരിക്കുന്നത്. അറിയാം നമ്മൾ പുതിയ വീട്ടിലേയ്ക്ക് പോകും. എങ്ങനെയാണോ പഴയ ഡെൽഹിയുള്ളത്. ഇപ്പോൾ പഴയ ഡെൽഹി നശിക്കണം, അതിനുപകരം ഇപ്പോൾ പുതിയത് ഉണ്ടാവണം. ഇപ്പോൾ പുതിയത് എങ്ങനെയാണ് ഉണ്ടാകുന്നത്? ആദ്യം അതിൽ വസിക്കാൻ യോഗ്യരായവർ ഉണ്ടാവണം. പുതിയ ലോകത്തിലുള്ളത് സർവ്വഗുണ സമ്പന്നർ....... നിങ്ങൾ കുട്ടികളുടെ ലക്ഷ്യവും ഇതുതന്നെയാണ്. പാഠശാലയിൽ ലക്ഷ്യം ഉണ്ടാകുമല്ലോ. പഠിക്കുന്നയാൾക്ക് അറിയാം- ഞാൻ സർജനാകും, ഞാൻ വക്കീലാകും... ഇവിടെ നിങ്ങൾക്ക് അറിയാം നമ്മൾ ഇവിടെ വന്നിരിക്കുകയാണ് മനുഷ്യനിൽ നിന്നും ദേവതയായി മാറാനാണ്. പാഠശാലയിൽ ലക്ഷ്യം ഇല്ലാതെ ആർക്കും ഇരിക്കാൻ സാധിക്കില്ല. പക്ഷേ ഇത് ഇങ്ങനെയുള്ള അത്ഭുതകരമായ പാഠശാലയാണ് ഇതിൽ ലക്ഷ്യം മനസ്സിലാക്കിയിട്ടും പഠിച്ചിട്ടും പഠിപ്പ് ഉപേക്ഷിക്കുന്നു. ഇത് തെറ്റായ പഠിപ്പാണ്, ഇത് ലക്ഷ്യമല്ല, ഇത് ഒരിയ്ക്കലും സാധ്യമല്ല എന്ന് കരുതുന്നു. പഠിപ്പിക്കുന്നയാളിലും സംശയം ഉണ്ടാകുന്നു. ആ പഠിപ്പ് പഠിക്കാൻ സാധിക്കില്ല അഥവാ പൈസയില്ലെങ്കിൽ, ധൈര്യം ഇല്ലെങ്കിൽ പഠിപ്പ് ഉപേക്ഷിക്കുന്നു. വക്കീൽ പഠിത്തം തെറ്റാണ്, പഠിപ്പിക്കുന്നയാൾ തെറ്റാണ് എന്ന് പറയുമോ. ഇവിടെയാണെങ്കിൽ മനുഷ്യരുടേത് വണ്ടർഫുൾ ആയ ബുദ്ധിയാണ്. പഠിപ്പിൽ സംശയം വന്നാൽ ഈ പഠിപ്പ് തെറ്റാണ് എന്ന് പറയുന്നു. ഭഗവാൻ പഠിപ്പിക്കുന്നൊന്നുമില്ല, രാജധാനിയും ഇല്ല.... ഇതെല്ലാം കള്ളമാണ്. ഇങ്ങനെ ഒരുപാട് കുട്ടികൾ പഠിച്ച് പഠിച്ച് പിന്നീട് ഉപേക്ഷിക്കുന്നു. എല്ലാവരും ചോദിക്കും നിങ്ങൾ പറഞ്ഞത് ഭഗവാനാണ് ഞങ്ങളെ പഠിപ്പിക്കുന്നത്, ഇതിലൂടെ മനുഷ്യനിൽ നിന്നും ദേവതയാകും എന്നല്ലേ എന്നിട്ട് പിന്നെ എന്തുണ്ടായി? ഇല്ല, അതെല്ലാം പൊള്ളയായിരുന്നു. പറയും ഈ ലക്ഷ്യം ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ചിലർ നിശ്ചയത്തോടെ പഠിച്ചിരുന്നു പിന്നീട് സംശയം വന്നതിനാൽ ഉപേക്ഷിച്ചു. നിശ്ചയം എങ്ങനെയാണ് വന്നത് പിന്നീട് സംശയബുദ്ധിയാക്കി മാറ്റിയത് ആരാണ്? നിങ്ങൾ പറയും അഥവാ അവർ ഇത് പഠിച്ചിരുന്നെങ്കിൽ വളരെ ഉയർന്ന പദവി നേടാൻ സാധിക്കുമായിരുന്നു. വളരെ അധികം പഠിച്ചിരുന്നു. വക്കീലിന് പഠിച്ച് പഠിച്ച് പകുതിയിൽ ഉപേക്ഷിക്കുന്നു, രണ്ടാമൻ പിന്നീട് പഠിച്ച് വക്കീലാകും. ചിലർ പഠിച്ച് ജയിക്കുന്നു, ചിലർ തോറ്റുപോകുന്നു. പിന്നീട് എന്തെങ്കിലും ചെറിയ പദവി ലഭിക്കും. ഇത് വളരെ വലിയ പരീക്ഷയാണ്. ഇതിന് വളരെ അധികം സാഹസം ആവശ്യമാണ്. ഒന്നാമത് നിശ്ചയബുദ്ധിയാവുന്നതിനുള്ള സാഹസം വേണം. മായ ഇങ്ങനെയാണ് അത് ഇപ്പോഴിപ്പോൾ നിശ്ചയം, ഇപ്പോൾ തന്നെ സംശയബുദ്ധിയാക്കി മാറ്റും. വളരെ അധികം പേർ പഠിക്കാനായി വരുന്നുണ്ട് പക്ഷേ ചിലർ ഡൾ ബുദ്ധിയായിരിക്കും, നമ്പർവൈസ് ആയാണല്ലോ വിജയിക്കുക. പത്രത്തിലും ലിസ്റ്റ് വരാറുണ്ട്. ഇതും അതുപോലെയാണ്, ഒരുപാടുപേർ പഠിക്കാൻ വരുന്നുണ്ട്. ചിലർ നല്ലബുദ്ധിയുള്ളവരാണ്, ചിലരുടെ ബുദ്ധി ഡള്ളാണ്. ഡൾ ബുദ്ധിയുമായി മുന്നോട്ട് പോകവേ എന്തെങ്കിലും സംശയം വന്ന് ഉപേക്ഷിക്കുന്നു. പിന്നീട് മറ്റുള്ളവർക്കും നഷ്ടമുണ്ടാക്കിവെയ്ക്കും. സംശയ

ബുദ്ധി വിനാശമാകും എന്ന് പറയാറുണ്ട്. അവർക്ക് ഉയർന്ന പദവി നേടാൻ സാധിക്കില്ല. നിശ്ചയമുണ്ട് പക്ഷേ പൂർണ്ണമായും പഠിക്കുന്നില്ലെങ്കിലും പാസാകാൻ സാധിക്കില്ല കാരണം ബുദ്ധികൊണ്ട് ഒരു ഉപകാരവുമില്ല. ധാരണയുണ്ടാകുന്നില്ല. നാം ആത്മാക്കളാണ് എന്നത് മറന്നുപോകുന്നു. ബാബ പറയുന്നു ഞാൻ നിങ്ങൾ ആത്മാക്കളുടെ പരമപിതാവാണ്. നിങ്ങൾ കുട്ടികൾക്ക് അറിയാം അച്ഛൻ വന്നിട്ടുണ്ട്. ആർക്കെങ്കിലും വളരെ അധികം വിഘ്നം ഉണ്ടാവുകയാണെങ്കിൽ അവർക്ക് സംശയം ഉണ്ടാകും, പറയും എനിക്ക് ഇന്ന ബ്രാഹ്മിണിയിലൂടെ നിശ്ചയം ഉണ്ടാകുന്നില്ല. നോക്കൂ ബ്രാഹ്മണി എങ്ങനെയുള്ളതായാലും നിങ്ങൾക്ക് പഠിക്കണമല്ലോ. ടീച്ചർ നന്നായി പഠിപ്പിക്കുന്നില്ലെങ്കിൽ അവരെ പഠിപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കണം എന്ന് കരുതുന്നു. പക്ഷേ നിങ്ങൾക്ക് പഠിക്കണമല്ലോ. ഇത് ബാബയുടെ പഠിപ്പാണ്. പഠിപ്പിക്കുന്നത് സുപ്രീം ടീച്ചറാണ്. ബ്രാഹ്മണി ബാബയുടെ ജ്ഞാനം കേൾപ്പിക്കുമ്പോഴും ശ്രദ്ധ പഠിപ്പിൽ നൽകണമല്ലോ. പഠിപ്പില്ലാതെ പരീക്ഷ പാസാകാൻ സാധിക്കില്ല. പക്ഷേ ബാബയിലുള്ള നിശ്ചയം തന്നെ മുറിയുമ്പോൾ പഠിപ്പ് ഉപേക്ഷിക്കുന്നു. പഠിച്ച് പഠിച്ച് ടീച്ചറുടെ മേൽ സംശയം വരും ഇവരിലൂടെ ഈ പദവി ലഭിക്കുമോ അതോ ഇല്ലയോ എന്ന് പിന്നീട് ഉപേക്ഷിച്ച് പോകുന്നു. മറ്റുള്ളവരേയും കേടുവരുത്തുന്നു, ഗ്ലാനി ചെയ്യുന്നതിലൂടെ വീണ്ടും നഷ്ടമുണ്ടാക്കുകയാണ്. വളരെ അധികം നഷ്ടമുണ്ടാകും. ബാബ പറയുന്നു അഥവാ ഇവിടെ ആരെങ്കിലും തെറ്റ് ചെയ്യുകയാണെങ്കിൽ 100 മടങ്ങ് ശിക്ഷ ലഭിക്കും. ഒരുപാടുപേരെ മോശമാക്കുന്നതിന് ഒരാൾ നിമിത്തമായി മാറുന്നു. അതിനാൽ എത്ര പുണ്യാത്മാവായി മാറിയോ അത്രയും പാപാത്മാവായി മാറുന്നു. പുണ്യാത്മാവായി മാറുന്നത് ഈ പഠിപ്പിലൂടെ മാത്രമാണ് പിന്നെ പുണ്യാത്മാവാക്കി മാറ്റുന്നത് ഒരേയൊരു ബാബയാണ്. അഥവാ ആർക്കെങ്കിലും പഠിക്കാൻ കഴിയുന്നില്ലെങ്കിൽ തീർച്ചയായും എന്തോ കുഴപ്പമുണ്ട്. ഭാഗ്യത്തിലില്ല നമുക്ക് എന്ത് ചെയ്യാൻ കഴിയും എന്ന് പറയുന്നു. ഹൃദയസ്തംഭനം സംഭവിക്കുന്നു. അതിനാൽ ആരാണോ ഇവിടെ വന്ന് മർജീവയായി മാറുന്നത് അവർ പിന്നീട് രാവണ രാജ്യത്തിൽ ചെന്ന് മർജീവയാകുന്നു. വജ്രസമാനമാക്കി ജീവിതത്തെ മാറ്റാൻ സാധിക്കില്ല. മനുഷ്യർക്ക് ഹൃദയസ്തംഭനം സംഭവിക്കുമ്പോൾ ചെന്ന് രണ്ടാമതൊരു ജന്മമെടുക്കുന്നു. ഇവിടെ ഹൃദയസ്തംഭനം സംഭവിക്കുമ്പോൾ ആസുരീയ സമ്പ്രദായത്തിലേയ്ക്ക് പോകുന്നു. ഇത് മർജീവാ ജന്മമാണ്. പുതിയ ലോകത്തിലേയ്ക്ക് പോകുന്നതിനായി ബാബയുടേതായി മാറുന്നു. ആത്മാക്കൾ പോകുമല്ലോ. നമ്മൾ ആത്മാക്കൾ ഈ ശരീരത്തിന്റെ അഭിമാനം ഉപേക്ഷിച്ചാൽ ഇവർ ദേഹീ അഭിമാനിയാണ് എന്ന് മനസ്സിലാക്കും. നമ്മൾ വേറെയാണ്, ശരീരം വേറെ വസ്തുവാണ്. ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കുന്നുവെങ്കിൽ തീർച്ചയായും വേറെ വസ്തുവായില്ലേ., നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നാം ആത്മാക്കൾ ശ്രീമതത്തിലൂടെ ഈ ഭാരതത്തിൽ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു. മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നതിനുള്ള ഈ കഴിവ് പഠിക്കണം. ഇതും കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്, ഒന്നും സത്സംഗമല്ല. സത്യം എന്ന് ഒരേയൊരു പരമാത്മാവിനെയാണ് പറയുന്നത്. അവരുടെ പേര് ശിവൻ എന്നാണ്, അവർ തന്നെയാണ് സത്യയുഗത്തിന്റെ സ്ഥാപന ചെയ്യുന്നത്. കലിയുഗത്തിന്റെ ആയുസ്സ് തീർച്ചയായും പൂർത്തിയാവണം. മുഴുവൻ ലോകത്തിന്റേയും ചക്രം എങ്ങനെയാണ് കറങ്ങുന്നത്, ഇത് ഗോളത്തിന്റെ ചിത്രത്തിൽ വ്യക്തമാണ്. ദേവതയാകുന്നതിനായി സംഗമയുഗത്തിൽ ബാബയുടേതായി മാറുന്നു. ബാബയെ ഉപേക്ഷിച്ചാൽ പിന്നീട് കലിയുഗത്തിലെത്തും. ബ്രാഹ്മണത്വത്തിൽ സംശയം വന്നാൽ ശൂദ്രവംശത്തിലെത്തും. പിന്നീട് ദേവതയാവാൻ സാധിക്കില്ല.

ബാബ ഇതും മനസ്സിലാക്കിത്തരുന്നു– എങ്ങനെയാണ് ഇപ്പോൾ സ്വർഗ്ഗത്തിന്റെ അടിത്തറ സ്ഥാപിക്കപ്പെടുന്നത്. അടിത്തറ ഇടുന്ന ചടങ്ങും പിന്നീട് ഉദ്ഘാടനത്തിന്റെ ചടങ്ങും ആഘോഷിക്കും. ഇവിടെ ഗുപ്തമാണ്. നിങ്ങൾക്ക് അറിയാം നമ്മൾ സ്വർഗ്ഗത്തിലേയ്ക്കായി തയ്യാറാവുകയാണ്. പിന്നീട് നരകത്തിന്റെ പേരുപോലും ഉണ്ടാകില്ല. അന്തിമം വരേയ്ക്കും തീർച്ചയായും ഇവിടെ ജീവിക്കുകയും പഠിക്കുകയും ചെയ്യണം. പതിത പാവനൻ ഒരേയൊരു ബാബയാണ് ആ ബാബയാണ് പാവനമാക്കി മാറ്റുന്നത്.

ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ഇത് സംഗമയുഗമാണ്, ഇപ്പോഴാണ് ബാബ പാവനമാക്കി മാറ്റാൻ വരുന്നത്. എഴുതുകയും വേണം പുരുഷോത്തമ സംഗമയുഗത്തിൽ മനുഷ്യൻ നരനിൽ നിന്നും നാരായണനായി മാറുന്നു. ഇതും എഴുതിയിട്ടുണ്ട് – ഇത് നിങ്ങളുടെ ജന്മസിദ്ധ അധികാരമാണ്. ബാബ ഇപ്പോൾ നിങ്ങൾക്ക് ദിവ്യദൃഷ്ടി നൽകുകയാണ്. ആത്മാവിന് അറിയാം ഇപ്പോൾ നമ്മുടെ 84 ജന്മങ്ങളുടെ ചക്രം പൂർത്തിയായി. ആത്മാക്കൾക്ക് അച്ഛൻ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. ആത്മാവ് പഠിക്കുകയാണ് തീർച്ചയായും ദേഹാഭിമാനം അടിക്കടി വരും എന്തുകൊണ്ടെന്നാൽ അരകല്പമായി ദേഹാഭിമാനത്തിലല്ലേ. അതിനാൽ ദേഹീ അഭിമാനിയാകാൻ സമയം എടുക്കും. ബാബ ഇരിക്കുന്നുണ്ട്, സമയം ലഭിച്ചിട്ടുണ്ട്. ബ്രഹ്മാവിന്റെ ആയുസ്സ് 100 ആണെന്ന് പറഞ്ഞാലും അതിലും കുറവായാലും ശരി. ബ്രഹ്മാവ് പോയെന്നിരിക്കട്ടെ, പിന്നെ സ്ഥാപന നടക്കില്ല, ഇങ്ങനെയല്ല. നിങ്ങൾ സേന ഇരിക്കുന്നുണ്ടല്ലോ. ബാബ

മന്ത്രം നൽകിയിട്ടുണ്ട്, പഠിക്കണം. സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്, ഇതും ബുദ്ധിയിലുണ്ട്. ഓർമ്മയുടെ യാത്രയിൽ ഇരിക്കണം. ഓർമ്മയിലൂടെ മാത്രമേ വികർമ്മം വിനാശമാകൂ. ഭക്തിമാർഗ്ഗത്തിൽ എല്ലാവരിൽ നിന്നും വികർമ്മം ഉണ്ടായിട്ടുണ്ട്. പഴയ ലോകവും പുതിയ ലോകവും രണ്ടിന്റേയും ചക്രം നിങ്ങളുടെ പക്കലുണ്ട്. അതിനാൽ നിങ്ങൾക്ക് എഴുതാൻ കഴിയും പഴയ ലോകം രാവണരാജ്യം അവസാനിക്കട്ടേ, പുതിയ ലോകം ജ്ഞാനമാർഗ്ഗത്തിലെ രാമരാജ്യം നീണാൽവാഴട്ടെ. ആരാണോ പൂജ്യരായിരുന്നത് അവർ തന്നെയാണ് പൂജാരിയായി മാറുന്നത്. കൃഷ്ണനും പൂജ്യനും വെളുത്തതുമായിരുന്നു പിന്നീട് രാവണരാജ്യത്തിൽ പുജാരിയും കറുത്തതുമായി മാറി. ഇത് മനസ്സിലാക്കിക്കൊടുക്കുക സഹജമാണ്. ആദ്യമാദ്യം പൂജ ആരംഭിച്ചപ്പോൾ വലിയ വലിയ വജ്രം കൊണ്ടായിരുന്നു ലിംഗം നിർമ്മിച്ചിരുന്നത്, വളരെ വിലപ്പെട്ടതാണ് എന്തുകൊണ്ടെന്നാൽ ബാബയല്ലേ ഇത്രയും വലിയ ധനവാനാക്കി മാറ്റിയത്. ബാബ സ്വയം വജ്രമാണ് അതിനാൽ ആത്മാക്കളേയും വജ്രസമാനമാക്കി മാറ്റുന്നു, അതുകൊണ്ട് ആ ബാബയുടെ രൂപവും വജ്രത്തിൽ ഉണ്ടാക്കിവെയ്ക്കണമല്ലോ. വജ്രം എപ്പോഴും നടുവിലാണ് വെയ്ക്കുക. പുഷ്യരാഗത്തോടൊപ്പം വെയ്ക്കുമ്പോൾ അതിന് മഹത്വമുണ്ടാകില്ല അതിനാൽ എപ്പോഴും നടുവിലാണ് വജ്രം വെയ്ക്കുക. ബാബയിലൂടെ 8 രത്നങ്ങൾ വിജയമാലയിലെ മണിയായി മാറുന്നു, ഏറ്റവും കൂടുതൽ മൂല്യമുള്ളത് വജ്രത്തിനാണ്. ബാക്കിയുള്ളവർ നമ്പർവൈസ് ആയാണ് വരുന്നത്. ആക്കിമാറ്റുന്നത് ശിവബാബയാണ്, ഈ കാര്യങ്ങളെല്ലാം ബാബയ്ക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. പഠിച്ച് പഠിച്ച് ആശ്ചര്യത്തോടെ ബാബാ ബാബാ എന്ന് പറഞ്ഞിട്ട് പിന്നീട് ഓടിപ്പോകുന്നു. ശിവബാബയെ ബാബാ എന്ന് വിളിക്കുന്നുവെങ്കിൽ പിന്നീടൊരിക്കലും അങ്ങനെയുള്ള ബാബയെ ഉപേക്ഷിക്കരുത്. പിന്നീട് ഭാഗ്യം എന്ന് പറയും. ആരുടെ ഭാഗ്യത്തിലാണോ കൂടുതൽ ഇല്ലാത്തത് അവർ ഇങ്ങനെയുള്ള കർമ്മമേ ചെയ്യൂ ഇതിലൂടെ നൂറുമടങ്ങ് ശിക്ഷ ലഭിക്കുന്നു. പുണ്യാത്മാവായി മാറുന്നതിനായി പുരുഷാർത്ഥം ചെയ്തിട്ട് പിന്നീട് പാപം ചെയ്യുന്നതിലൂടെ ശിക്ഷ നൂറുമടങ്ങാവുന്നു പിന്നീട് താഴെത്തന്നെയിരിക്കും, വൃദ്ധി നേടാൻ സാധിക്കില്ല. നൂറുമടങ്ങ് ശിക്ഷ വർദ്ധിച്ചതിനാൽ അവസ്ഥ ശക്തിശാലിയാവുകയില്ല. ആരിലൂടെയാണോ നിങ്ങൾ വജ്രമായി മാറുന്നത് ആ ബാബയിൽ നിങ്ങൾക്ക് എന്തുകൊണ്ട് സംശയം വരുന്നു. ഏത് കാരണമായാലും അഥവാ ബാബയെ ഉപേക്ഷിച്ചാൽ വിവേകമില്ലാവർ എന്നേ പറയൂ. എവിടെ ഇരുന്നാലും ബാബയെ ഓർമ്മിക്കണം, എങ്കിൽ ശിക്ഷകളിൽ നിന്നും രക്ഷപ്പെടും. ഇവിടെ നിങ്ങൾ വരുന്നതുതന്നെ പതിതത്തിൽ നിന്നും പാവനമായി മാറാനാണ്. മുമ്പ് എന്തെങ്കിലും കർമ്മം ചെയ്തിട്ടുണ്ടെങ്കിൽ അത് ശരീരംകൊണ്ട് എത്രമാത്രം അനുഭവിക്കേണ്ടതായി വരുന്നു. ഇപ്പോൾ നിങ്ങൾ അരകല്പത്തിലേയ്ക്ക് ഇതിൽ നിന്നും രക്ഷപ്പെടുന്നു. ഞാൻ എത്രത്തോളം ഉന്നതി നേടുന്നുണ്ട്, മറ്റുള്ളവരുടെ സേവനം എത്രത്തോളം ചെയ്യുന്നുണ്ട്? സ്വയം നോക്കണം. ലക്ഷ്മീ നാരായണന്റെ ചിത്രത്തിന് മുകളിലും എഴുതാൻ സാധിക്കും ഇതാണ് വിശ്വത്തിലെ ശാന്തി നിറഞ്ഞ രാജധാനി ഇപ്പോൾ ഇതിന്റെ സ്ഥാപന നടക്കുകയാണ്. ഇതാണ് പ്രധാനലക്ഷ്യം. അവിടെ 100 ശതമാനം പവിത്രത, സുഖ-ശാന്തി ഉണ്ടായിരുന്നു. ഇവരുടെ രാജ്യത്തിൽ രണ്ടാമതൊരു ധർമ്മം ഉണ്ടായിരുന്നില്ല. അതിനാൽ ഇപ്പോഴുള്ള ഇത്രയും ധർമ്മങ്ങളുടെ വിനാശം തീർച്ചയായും ഉണ്ടാകണം. മനസ്സിലാക്കിക്കൊടുക്കുന്നതിന് വളരെ അധികം ബുദ്ധിവേണം. ഇല്ലെങ്കിൽ തന്റെ അവസ്ഥയുടെ ആധാരത്തിലാണ് മനസ്സിലാക്കിക്കൊടുക്കുന്നത്. ചിത്രങ്ങളുടെ മുന്നിൽ ഇരുന്ന് ചിന്തിക്കണം. അറിവ് ലഭിച്ചിട്ടുണ്ട്. മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ മനസ്സിലാക്കിക്കൊടുക്കണം അതിനാലാണ് ബാബ മ്യൂസിയം തുറപ്പിക്കുന്നത്. ഗേറ്റ് വേ ടൂ ഹെവൻ എന്ന പേരും നല്ലതാണ്. അത് ഡെൽഹി ഗേറ്റ്, ഇന്ത്യാ ഗേറ്റാണ്. ഇത് സ്വർഗ്ഗത്തിലേയ്ക്കുള്ള ഗേറ്റാണ്. നിങ്ങൾ ഇപ്പോൾ സ്വർഗ്ഗത്തിലേയ്ക്കുള്ള ഗേറ്റ് തുറക്കുകയാണ്. ഭക്തിമാർഗ്ഗത്തിലാണെങ്കിൽ ദുർഘടം പിടിച്ച വഴിയിൽ പെട്ട് എങ്ങനെ ആശയക്കുഴപ്പത്തിലാകുമോ അതുപോലെ കുഴപ്പത്തിലാകുന്നു. വഴി ആർക്കും ലഭിക്കുന്നില്ല. മായയുടെ രാജ്യത്തിൽ എല്ലാവരും ഉള്ളിൽ കുടുങ്ങിപ്പോകുന്നു. പിന്നീട് ബാബ വന്ന് തുറക്കുന്നു. ചിലർക്കാണെങ്കിൽ പുറത്തുവരാനേ ഇഷ്ടമില്ല എങ്കിൽ ബാബ എന്ത് ചെയ്യാനാണ് അതിനാലാണ് ബാബ പറയുന്നത് മഹാവിഡ്ഢിയേയും ഇവിടെ കാണാം, അവർ പഠിപ്പ് ഉപേക്ഷിക്കുന്നു. സംശയബുദ്ധിയായി ജന്മ ജന്മാന്തരങ്ങളിലേയ്ക്ക് തന്റെ നാശം വരുത്തിവയ്ക്കുന്നു. ഭാഗ്യം മോശമായാൽ പിന്നീട് ഇങ്ങനെ സംഭവിക്കുന്നു. ഗ്രഹപ്പിഴ ബാധിച്ചാൽ വെളുക്കുന്നതിനുപകരം കറുത്തുപോകുന്നു. ഗുപ്തമായി ആത്മാവ് പഠിക്കുന്നു, ആത്മാവുതന്നെയാണ് ശരീരത്തിലൂടെ എല്ലാം ചെയ്യുന്നത്, ആത്മാവിന് ശരീരമില്ലാതെ ഒന്നും ചെയ്യാൻ കഴിയില്ല. ആത്മാവിനെ മനസ്സിലാക്കാനാണ് പരിശ്രമം. ആത്മനിശ്ചയം ചെയ്യാൻ സാധിച്ചില്ലെങ്കിൽ പിന്നെ ദേഹാഭിമാനത്തിലേയ്ക്ക് വരുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) സുപ്രീം ടീച്ചർ നൽകുന്ന പഠിപ്പ് നമ്മെ നരനിൽ നിന്നും നാരായണനാക്കി മാറ്റുന്നതാണ്, ഈ നിശ്ചയത്തോടെ ശ്രദ്ധ നൽകി പഠിപ്പ് പഠിക്കണം. പഠിപ്പിക്കുന്ന ദേഹധാരി ടീച്ചറെ നോക്കരുത്.

2) ദേഹീ- അഭിമാനിയാവുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം, മർജീവയായി മാറിയെങ്കിൽ ഈ ശരീരത്തിന്റെ അഭിമാനത്തെ ഉപേക്ഷിക്കണം. പുണ്യാത്മാവായി മാറണം, ഒരു പാപകർമ്മവും ചെയ്യരുത്.

## വരദാനം:- സ്വദർശനചക്രത്തിന്റെ സ്മൃതിയിലൂടെ സദാ സമ്പന്നസ്ഥിതിയുടെ അനുഭവം ചെയ്യുന്ന സമ്പന്നരായി ഭവിക്കട്ടെ.

ആര് സദാ സ്വദർശന ചക്രധാരികളാണോ അവർ മായയുടെ അനേക വിധത്തിലുള്ള ചക്രങ്ങളിൽ നിന്ന് മുക്തമായിരിക്കുന്നു. ഒരു സ്വദർശനചക്രം അനേക വ്യർത്ഥചക്രങ്ങളെ സമാപ്തമാക്കുന്നതാണ്, മായയെ ഓടിക്കുന്നതാണ്, അതിന് മുന്നിൽ മായക്ക് നിൽക്കാൻ സാധിക്കില്ല. സ്വദർശനചക്രധാരി കുട്ടികൾ സദാ സമ്പന്നരായിരിക്കുന്നത് കാരണം അചഞ്ചലരായിരിക്കുന്നു, സ്വയത്തെ സമ്പന്നരാണെന്ന അനുഭവം ചെയ്യുന്നു. മായ കാലിയാക്കാനുള്ള പരിശ്രമം ചെയ്യുന്നു പക്ഷെ അവർ സദാ ശ്രദ്ധാലുക്കളും ജാഗരൂകരും തെളിഞ്ഞ ജ്യോതിയുമായി ഇരിക്കുന്നു, അതിനാൽ മായക്ക് ഒന്നും തന്നെ ചെയ്യാൻ സാധിക്കില്ല. ആരുടെ കൂടെയാണോ ശ്രദ്ധയാകുന്ന കാവൽക്കാരൻ ഉണർന്നിരിക്കുന്നത് അവർ തന്നെയാണ് സദാ സുരക്ഷിതർ.

## സ്ലോഗൻ;- താങ്കളുടെ വാക്കുകൾ അത്രയും ശക്തിശാലിയായിരിക്കണം അതിൽ ശുഭവും ശ്രേഷ്ഠവുമായ ഭാവന അടങ്ങിയിരിക്കണം.

**അവ്യക്ത സൂചനകൾ- ഇപ്പോൾ ഉത്സാഹത്തിന്റെ അഗ്നി പ്രജ്വലിപ്പിച്ച് യോഗത്തെ ജ്വാലാരൂപമാക്കൂ.**
ശക്തിശാലിയായ ഓർമ്മക്ക് വേണ്ടി സത്യമായ ഹൃദയത്തിന്റെ സ്നേഹം വേണം. സത്യമായ ഹൃദയമുള്ളവർക്ക് സെക്കന്റിനുള്ളിൽ ബിന്ദുവായി ബിന്ദുസ്വരൂപനായ ബാബയെ ഓർമ്മിക്കാൻ സാധിക്കുന്നു.സത്യമായ ഹൃദയമുള്ളവർ സത്യമായ സാഹേബിനെ തൃപ്തമാക്കുന്നത് കാരണം ബാബയുടെ വിശേഷ ആശീർവാദങ്ങൾ പ്രാപ്തമാക്കുന്നു, അതിലൂടെ സഹജമായിത്തന്നെ ഒരു സങ്കൽപത്തിൽ സ്ഥിതി ചെയ്ത് ജ്വാലാരൂപത്തിന്റെ ഓർമ്മയുടെ അനുഭവം ചെയ്യാൻ സാധിക്കുന്നു, ശക്തിശാലി വൈബ്രേഷൻ വ്യാപിപ്പിക്കാൻ സാധിക്കുന്നു.